# മൗലാനാ മൗദൂദി എന്റെ ദൃഷ്ടിയിൽ

മൗലാനാ മിയാൻ തുഫൈൽ മുഹമ്മദ്

**തികച്ചും അന്യാദൃശമാണ് മൗദൂദിയുടെ വ്യക്തിത്വം. അദ്ദേഹവുമായി അടുക്കുംതോറും ആ പ്രഫുല്ല വ്യക്തിത്വത്തിന്റെ നറുമണം നമുക്ക് അനുഭവവേദ്യമാകുന്നു. ബന്ധം എത്രത്തോളം ഗാഢമാകുന്നുവോ അത്രത്തോളം ആ മഹിത വ്യക്തിത്വത്തിന്റെ മാഹാത്മ്യം ബോധ്യപ്പെടുന്നു. സ്വഭാവപരമായും ധാർമികപരമായും ചിന്താപരമായും വൈജ്ഞാനികമായും ഒരേസമയം ഒരു മനുഷ്യന് എത്ര ഉയർന്ന നിലവാരം കൈവരിക്കാൻ കഴിയുമെന്നതിന്റെ ജീവിക്കുന്ന ദൃഷ്ടാന്തമാണ് മൗലാനാ.**



■ അബുൽ അഅ്‌ലാ മൗദൂദി

**മൗലാനാ** മൗദൂദിയുമായുള്ള എന്റെ ബന്ധത്തിനു മുപ്പത്തെട്ടു വർഷത്തോളം പ്രായമായി. കൃത്യമായി പറഞ്ഞാൽ 1940ലാണ് ഞാൻ മൗലാനയുമായി അടുത്തു പരിചയപ്പെടുന്നത്. 1941 ആഗസ്റ്റ് മാസത്തിൽ ജമാഅത്തിന്റെ രൂപീകരണാർഥം മൗലാനാ വിളിച്ചുചേർത്ത യോഗത്തിൽ ഈയുള്ളവൻ പങ്കെടുത്തിരുന്നു. പ്രസ്തുത യോഗത്തിൽ വെച്ച് ജമാഅത്തിന്റെ രൂപീകരണ സംബന്ധവും ഭരണഘടനാ നിർമാണ സംബന്ധവുമായി നടന്ന ചർച്ചകളിലൊക്കെ സജീവമായിത്തന്നെ പങ്കുകൊണ്ടു. 1944-ൽ ചേർന്ന അഖിലേന്ത്യാ സമ്മേളനത്തിൽ പങ്കെടുക്കാനും എനിക്കവസരമുണ്ടായി.

1942 വരെ ലാഹോറിൽ തന്നെയായിരുന്നു മൗലാനാ. അന്നു ഏതാണ്ടെല്ലായ്പ്പോഴും അദ്ദേഹത്തെ കണ്ടുകൊണ്ടിരുന്നു. ഏതാനും മാസം മൗലാനയോടൊത്ത് ഒരേ വീട്ടിൽ താമസിക്കുകയുമുണ്ടായി. ജയിലിൽ ഞങ്ങൾ ഒന്നിച്ചു പാർത്തിട്ടുണ്ട്. അങ്ങനെ സുദീർഘമായ 38 വർഷത്തെ പ്രാസ്ഥാനിക ജീവിതത്തിനിടക്ക് വ്യത്യസ്ത സാഹചര്യങ്ങളിലും സന്ദർഭങ്ങളിലുമായി മൗലാനയുടെ ദൈനംദിന ജീവിതത്തോട് തൊട്ടുരുമ്മിക്കഴിഞ്ഞ ഒരാളാണ് ഈയുള്ളവൻ. മൗലാനയുടെ രാവും പകലും എനിക്ക് സുപരിചിതമാണ്. മൗലാനയുടെ വ്യക്തിത്വത്തിന്റെ ഏതുവശത്തെക്കുറിച്ചും അനുഭവത്തിന്റെ വെളിച്ചത്തിൽ അഭിപ്രായം പറയാൻ എനിക്ക് കഴിയും.

### അന്യാദൃശമായ വ്യക്തിത്വം

പല പ്രമുഖ വ്യക്തികളെയും എനിക്ക് പരിചയമുണ്ട്. ഹൃദയാലുക്കളും വിശാല മനസ്കരും പരമാർഥരും

സാധുജന തൽപരരുമെന്നൊക്കെ വിശേഷിപ്പിക്കപ്പെടുന്ന ഇവരിൽ പലരുമായും അടുക്കുംതോറും പ്രതീക്ഷകൾക്കു മങ്ങലേൽക്കുന്നതായാണനുഭവം. അവരിൽനിന്നു ഒരിക്കലും പ്രതീക്ഷിക്കാത്ത ദൗർബല്യങ്ങൾ ഓരോന്നായി പരിചയപ്പെടേണ്ടിവരുമ്പോൾ ധാരണകൾ തിരുത്തേണ്ടി വരുന്നു. നേതാവിന്റെ അകവും പുറവും രണ്ടാണെന്നു തീർച്ചപ്പെടുന്നു. അയാളോടു അതുവരെ വെച്ചുപുലർത്തിയ മനോഭാവത്തിൽപോലും ഖേദം തോന്നുന്നു. എന്നാൽ തികച്ചും അന്യാദൃശമാണ് മൗദൂദിയുടെ വ്യക്തിത്വം. അദ്ദേഹവുമായി അടുക്കുംതോറും ആ പ്രഫുല്ല വ്യക്തിത്വത്തിന്റെ നറുമണം നമുക്ക് അനുഭവവേദ്യമാകുന്നു. ബന്ധം എത്രത്തോളം ഗാഢമാകുന്നുവോ അത്രത്തോളം ആ മഹിത വ്യക്തിത്വത്തിന്റെ മാഹാത്മ്യം ബോധ്യപ്പെടുന്നു. സ്വഭാവപരമായും ധാർമികപരമായും ചിന്താപരമായും വൈജ്ഞാനികമായും ഒരേസമയം ഒരു മനുഷ്യന് എത്ര ഉയർന്ന നിലവാരം കൈവരിക്കാൻ കഴിയുമെന്നതിന്റെ ജീവിക്കുന്ന ദൃഷ്ടാന്തമാണ് മൗലാനാ. അദ്ദേഹത്തിന്റെ ഉള്ളും പുറവും ഒന്നുതന്നെ. മൗലാനയോടൊപ്പം അൽപസമയം ചെലവഴിക്കാൻ സാധിച്ചവർക്ക് അദ്ദേഹത്തിന്റെ സ്വഭാവഗുണങ്ങളുടെ ഔന്നത്യവും വിജ്ഞാനത്തിന്റെ ആഴവും വീക്ഷണത്തിന്റെ വിശാലതയും ബോധ്യപ്പെടാതിരിക്കില്ല.

## നിരാശയില്ലാത്ത ജീവിതം

മൗലാനയോടൊത്ത് വർഷങ്ങളോളം ഞാൻ ജയിലിൽ കഴിഞ്ഞു. മൗലാനയെപ്പോലെ ഏതൊരു സാഹചര്യത്തിലും ചഞ്ചലമാകാത്ത വിശ്വാസ ദാർഢ്യവും മനോബലവുമുള്ള മറ്റൊരാളെ എനിക്കു പരിചയപ്പെടാൻ കഴിഞ്ഞിട്ടില്ല. അദ്ദേഹം ഒരിക്കലും നിരാശനായിട്ടില്ല. സർവസ്വവും അല്ലാഹുവിലർപ്പിച്ചു കൊണ്ടുള്ളതാണ് അദ്ദേഹത്തിന്റെ ഓരോ ചുവടുവെപ്പും. സത്യാധിഷ്ഠിതമായാണ് അല്ലാഹു ഈ പ്രപഞ്ചത്തെ സൃഷ്ടിച്ചിരിക്കുന്നതെന്നും അന്തിമ വിജയം സത്യത്തിനായിരിക്കുമെന്നും അതിനാൽ അല്ലാഹുവിന്റെ കാരുണ്യാതിരേകത്താൽ ഇസ്‌ലാമിക പ്രസ്ഥാനം വിജയിക്കുക തന്നെ ചെയ്യുമെന്നും മൗലാനാ ദൃഢമായി വിശ്വസിക്കുന്നു. ഈ സുദൃഢ വിശ്വാസം കൊണ്ടുതന്നെയാവണം സംവത്സരങ്ങളോളം രാപ്പകൽ ഭേദമില്ലാതെ മൗലാനയുമായി ഒത്തു ജീവിച്ചിട്ടും ഒരിക്കലെങ്കിലും അദ്ദേഹത്തെ നിരാശനായി കാണാൻ എനിക്കു കഴിയാതെ വന്നതും. എന്റെ ശേഷം പ്രവാചകന്മാർ വരില്ലെന്നും പകരം മഹത്തുക്കളായ പണ്ഡിതന്മാരാൽ ഈ കർമം ഏറ്റെടുത്തു നടത്തപ്പെടുമെന്നുമുള്ള തിരുമേനി(സ) യുടെ വാക്കുകളുടെ അർഥം മൗലാനയുമായി ബന്ധപ്പെട്ടതോടെ എനിക്കു ബോധ്യമായി.

## വിശ്വാസ ചൈതന്യത്തിന്റെ മഹനീയ മാതൃക

മൗലാനയുമായി ബന്ധപ്പെട്ട ലക്ഷക്കണക്കായ ആളുകളെ ആഴത്തിൽ സ്വാധീനിച്ച ഒരുപാടു സംഭവങ്ങൾ അദ്ദേഹത്തിന്റെ ജീവിതത്തിലുണ്ടായിട്ടുണ്ട്. എന്നാൽ എന്റെ മനസ്സിൽ ശിലാരേഖകളെന്നോണം പതിഞ്ഞു കിടക്കുന്നത് മൗലാനയെ വധശിക്ഷക്ക് വിധിച്ച സംഭവമാണ്. ശിക്ഷാവിധി കേട്ട മൗദൂദി സാഹിബിന്റെ മുഖത്തുണ്ടായ ഭാവപരിവർത്തനം ഞാനിന്നും ഓർക്കുന്നു. പൊതുവെ പ്രസന്നമായ ആ മുഖം ഒന്നുകൂടി തെളിഞ്ഞു. നാളിതുവരെയുള്ള പ്രവർത്തനത്തിന്റെ ഫലമായി ഒരു രക്തസാക്ഷിയായി തന്റെ രക്ഷിതാവിനെ കണ്ടുമുട്ടാൻ സന്ദർഭം ലഭിച്ചേക്കുമോ എന്ന സന്തോഷമാണ് പെട്ടെന്നുണ്ടായ ആ മുഖ പ്രസന്നതക്ക് കാരണമെന്നു ഞാൻ വിശ്വസിക്കുന്നു.

1953 മെയ് മാസം. മൗലാനാ മൗദൂദി, അമീൻ അഹ്സൻ ഇസ്‌ലാഹി, മർഹൂം മലിക് നസ്റുല്ലാഖാൻ അസീസ്, സയ്യിദ് നഖി അലി, മർഹൂം ചൗധരി മുഹമ്മദ് അക്ബർ എന്നിവരാണ് ലാഹോർ സെൻട്രൽ ജയിലിൽ തടവിലാക്കപ്പെട്ടിരുന്നത്. ഖാദിയാനീ വിരുദ്ധ പ്രക്ഷോഭത്തോടനുബന്ധിച്ചായിരുന്നു അറസ്റ്റ്. *ഖാദിയാനീ മസ്അല* എന്ന ലഘുലേഖ എഴുതിയതായിരുന്നു മൗലാനാ ചെയ്ത 'കുറ്റം.' മറ്റുള്ളവർ അതിന്റെ പ്രസിദ്ധീകരണത്തിൽ ഭാഗഭാക്കായവരാണ്.

1953 മെയ് പതിനൊന്ന്. ജയിൽ മുറിയിൽ ഞങ്ങൾ മഗ്‌രിബ് നമസ്കരിക്കുകയായിരുന്നു. മൗലാനയായിരുന്നു ഇമാം. നമസ്കാരത്തിനിടെ ജയിലുദ്യോഗസ്ഥന്മാരോടൊപ്പം ഏതാനും സൈനിക ഓഫീസർമാർ മുറിയിൽ പ്രവേശിച്ചു. അവർ ഞങ്ങളുടെ തൊട്ടടുത്തു വന്നുനിന്നു. ഫറദു നമസ്കാരത്തിൽനിന്ന് വിരമിച്ചപ്പോൾ അവർ പറഞ്ഞു: 'നമസ്കാരം പൂർത്തിയാക്കിക്കോളൂ.' ഞങ്ങൾ സുന്നത്തുകൂടി നമസ്കരിച്ചു.

നമസ്കാരവും പ്രാർഥനയും അവസാനിച്ചപ്പോൾ സീനിയർ ഓഫീസർ ചോദിച്ചു: 'ആരാണ് മൗലാനാ മൗദൂദി?' 'ഞാൻ തന്നെ' മൗലാന പറഞ്ഞു. *ഖാദിയാനി മസ്അല* എന്ന കൃതി രചിച്ച കുറ്റത്തിനു താങ്കളെ വധശിക്ഷക്കു വിധിച്ചിരിക്കുന്നു' അയാൾ പറഞ്ഞു. 'വിധിക്കെതിരെ ദയാഹർജി സമർപ്പിക്കാൻ ആറു ദിവസത്തെ അവധി അനുവദിച്ചിട്ടുണ്ട്' - അയാൾ തുടർന്നു. പ്രസ്തുത പുസ്തകം അച്ചടിച്ചതിന് നഖി അലി സാഹിബിന് 9 വർഷത്തെ കഠിനതടവും മൗലാനാ മൗദൂദിയുടെ പ്രസ്താവന പത്രത്തിൽ പ്രസിദ്ധീകരിച്ചതിന് നസ്റുല്ലാഖാൻ സഹിബിന് 6 വർഷത്തെ കഠിനതടവും വിധിച്ചിട്ടുണ്ടെന്നും അയാൾ പറഞ്ഞു.

മൗലാനയെ വധശിക്ഷക്ക് വിധിച്ചിരിക്കുന്നു എന്നു കേട്ടപ്പോൾ കാൽകീഴിൽനിന്നു ഭൂമി അടർന്നു പോയപോലെ ഞങ്ങൾക്കു തോന്നി. ഞങ്ങൾക്ക് ലഭിച്ച തടവുശിക്ഷയിൽ ഒട്ടും പ്രയാസം തോന്നിയില്ല. എന്നാൽ മൗലാനയുടെ മുഖം പ്രസന്നമാകുന്നതാണ് ഞങ്ങൾ കണ്ടത്. വിധിപ്രസ്താവം കഴിഞ്ഞപ്പോൾ മൗലാന ഞങ്ങളുടെ നേരെ തിരിഞ്ഞു കൊണ്ടു പറഞ്ഞു: 'ഞാൻ അപ്പീലു നൽകാൻ ഉദ്ദേശിക്കുന്നില്ല.' തുടർന്നു സാധാരണപോലെ തന്റെ സ്ഥാനത്തേക്ക് നടന്നു പോവുകയും ചെയ്തു.

നിമിഷങ്ങൾക്കകം ജയിലുദ്യോഗസ്ഥന്മാർ വീണ്ടും പ്രത്യക്ഷപ്പെട്ടു. അവർ മൗലാനയോടു പറഞ്ഞു: 'താങ്കളെ വധശിക്ഷക്കു വിധിക്കപ്പെട്ടവർക്കുള്ള പ്രത്യേക സെല്ലിലേക്കു കൊണ്ടുപോകാനാണ് ഞങ്ങൾ വന്നിട്ടുള്ളത്.' 'ബഹുത് അഛാ, മെ അപ്നാ സാമാൻ തയാർ കർലൂം' (നല്ലത്, സാമാനങ്ങളൊക്കെ ഒന്നു ശരിയാക്കട്ടെ) മൗലാന പറഞ്ഞു. 'സ്വന്തമായി ഒരു സാധനവും അങ്ങോട്ടു കൊണ്ടുപോയിക്കൂടാ. താങ്കൾക്കു പോരാം' - ഉദ്യോഗസ്ഥൻ പറഞ്ഞു. ഇതു കേട്ടപ്പോൾ മൗലാനാ അഴിച്ചു വെച്ചിരിക്കുകയായിരുന്ന തന്റെ പാദരക്ഷയും തൊപ്പിയും എടുത്തണിഞ്ഞു. സാധാരണയെന്നപോലെ ഞങ്ങളെ ഓരോരുത്തരെയും ആശ്ലേഷിച്ചു. ഉദ്യോഗസ്ഥന്മാരോടൊപ്പം നടന്നുപോയി. അൽപസമയം കഴിഞ്ഞപ്പോൾ ജയിലർ നഖി അലി സാഹിബിനെയും മലിക് നസ്റുല്ലാഖാനെയും കൂട്ടിക്കൊണ്ടുപോയി. പിന്നെ ഞാനും അമീൻ അഹ്സൻ ഇസ്‌ലാഹിയും ചൗധരി മുഹമ്മദ് അക്ബറും ശേഷിച്ചു.

മൗലാനയുടെയും ഞങ്ങ

ളിൽനിന്നു വേർപ്പെടുത്തപ്പെട്ട മറ്റു റഫീഖുകളുടെയും വിവരമറിയാൻ ഞങ്ങൾ ഉത്കണ്ഠപ്പെട്ടുകൊണ്ടിരുന്നു. ഏതാണ്ട് പത്തുപതിനൊന്നു മണിയോടെ മൗലാനയെക്കുറിച്ച് ഞങ്ങൾക്ക് വിവരം ലഭിച്ചു. മുറിയിലെത്തിയ ഉടനെ ജയിലുദ്യോഗസ്ഥന്മാർ മൗലാനാ ധരിച്ചിരുന്ന വസ്ത്രങ്ങൾ അഴിപ്പിക്കുകയും പകരം ജയിൽ വസ്ത്രങ്ങൾ നൽകുകയും ചെയ്തു. വുളൂ എടുത്ത് നമസ്കരിച്ചശേഷം വധശിക്ഷക്ക് വിധിക്കപ്പെട്ടവർക്ക് ലഭിക്കാറുള്ള ഒന്നരയടി വീതമുള്ള വിരിപ്പ് നിലത്തിട്ട് മൗലാനാ ഉറങ്ങാൻ കിടന്നു. കൂർക്കം വലി ഉയരാൻ പിന്നെ ഒട്ടും താമസമുണ്ടായില്ല.

അടുത്ത ദിവസം സന്താനങ്ങളും അടുത്ത കുടുംബങ്ങളും ആക്ടിംഗ് അമീർ ശൈഖ് സുൽത്താൻ അഹ്മദ് സാഹിബും മൗലാനയെ സന്ദർശിച്ചു. സ്നേഹാന്വേഷണങ്ങൾക്കു ശേഷം മൗലാനാ ദൃഢസ്വരത്തിൽ അവരോടു പറഞ്ഞു: 'എന്റെ കാര്യം പൂർണമായും ഞാൻ അല്ലാഹുവിൽ സമർപ്പിച്ചിരിക്കുകയാണ്. അതിനാൽ എന്റെ ബന്ധുക്കളോ പ്രസ്ഥാന പ്രവർത്തകരോ എനിക്കുവേണ്ടി ദയയാചിച്ചുകൊണ്ട് ഒരു അക്രമിയേയും സമീപിക്കരുത്. എന്റെ മരണം അല്ലാഹു നിശ്ചയിച്ചിട്ടുണ്ടെങ്കിൽ ഒരാൾക്കും എന്നെ രക്ഷപ്പെടുത്താനാവില്ല. അതല്ല, അല്ലാഹുവിന്റെ ഹിതം മറിച്ചാണെങ്കിൽ ലോകം കീഴ്മേൽ മറിഞ്ഞാലും എന്റെ ഒരു രോമത്തിനുപോലും കേടു സംഭവിക്കുകയുമില്ല.'

## പ്രതിഷേധത്തിന്റെ കൊടുങ്കാറ്റ്

മൗലാനയുടെ ദൃഢപ്രഖ്യാപനവും അല്ലാഹുവിൽ ഭരമേൽപിച്ചുകൊണ്ടുള്ള ആദർശ ധീരതയും മുസ്‌ലിം ലോകത്തെ വികാരഭരിതമാക്കി. പാക് ഗവൺമെന്റിന്റെ നിഷ്ഠുരമായ നടപടിയിൽ അവർ രോഷാകുലരായി. അല്ലാഹുവിന്റെ മാലാഖമാർ ഈ വാർത്ത ഒരൊറ്റ രാത്രികൊണ്ട് ദിഗന്തങ്ങളിൽനിന്നു ദിഗന്തങ്ങളിലേക്കു കൈമാറിയപോലെ തോന്നി. മൊറോക്കോ മുതൽ ഇന്തോനേഷ്യവരെയുള്ള മുസ്‌ലിം ജനത ഞെട്ടിത്തരിച്ചു. പ്രതിഷേധ കൊടുങ്കാറ്റു ആഞ്ഞുവീശി, വമ്പിച്ച യോഗങ്ങളും പ്രകടനങ്ങളും നടന്നു. മുസ്‌ലിം രാഷ്ട്രത്തലവന്മാരും നേതാക്കളും വിധി പുനഃപരിശോധിക്കാനാവശ്യപ്പെട്ടുകൊണ്ട് പാക് ഗവൺമെന്റിന് കൂട്ടത്തോടെ കമ്പി സന്ദേശങ്ങളയച്ചു. മൗദൂദി സാഹിബിന്റെ ജീവൻ കൊണ്ട് പന്താടാൻ പാക് ഭരണാധികാരികൾക്ക് അവകാശമില്ല. അദ്ദേഹം മുസ്‌ലിം ലോകത്തിന്റെ അനർഘ സമ്പത്താണ്. നിങ്ങൾക്ക് അദ്ദേഹത്തെ ആവശ്യമില്ലെങ്കിൽ ഞങ്ങൾക്ക് വിട്ടുതരിക. മുസ്‌ലിം ലോകത്തിന് അദ്ദേഹത്തെ ആവശ്യമുണ്ട്. ഇതായിരുന്നു മുസ്‌ലിം ലോകത്തിന്റെ പൊതുവായ പ്രതികരണം. ചുരുക്കത്തിൽ വധശിക്ഷവിധിച്ചു 72 മണിക്കൂറുകൾക്കകം അതു ജീവപര്യന്തം തടവാക്കി മാറ്റാൻ ഭരണാധികാരികൾ നിർബന്ധിതരായി. അവസാനം മാറിത്തിരിഞ്ഞുവന്ന സാഹചര്യങ്ങളിൽ '55 മെയ് 28-ന് മൗലാന ജയിൽ മോചിതനാവുകയും ചെയ്തു.

**മൗലാനാ ദൃഢസ്വരത്തിൽ അവരോടു പറഞ്ഞു: 'എന്റെ കാര്യം പൂർണമായും ഞാൻ അല്ലാഹുവിൽ സമർപ്പിച്ചിരിക്കുകയാണ്. അതിനാൽ എന്റെ ബന്ധുക്കളോ പ്രസ്ഥാന പ്രവർത്തകരോ എനിക്കുവേണ്ടി ദയ യാചിച്ചുകൊണ്ട് ഒരു അക്രമിയേയും സമീപിക്കരുത്. എന്റെ മരണം അല്ലാഹു നിശ്ചയിച്ചിട്ടുണ്ടെങ്കിൽ ഒരാൾക്കും എന്നെ രക്ഷപ്പെടുത്താനാവില്ല. അതല്ല, അല്ലാഹുവിന്റെ ഹിതം മറിച്ചാണെങ്കിൽ ലോകം കീഴ്മേൽ മറിഞ്ഞാലും എന്റെ ഒരു രോമത്തിനുപോലും കേടു സംഭവിക്കുകയുമില്ല.'**

## പ്രവാചകൻമാരുടെ പാത

ഇസ്‌ലാമിക നവോത്ഥാനത്തിനു വേണ്ടി മൗലാന രൂപംകൊടുത്ത പ്രസ്ഥാനത്തിന്റെ മൗലിക സവിശേഷത, അതു പ്രവാചകന്മാരുടെ കർമ സരണി പിൻപറ്റാൻ പരമാവധി പരിശ്രമിക്കുന്നു എന്നതാണ്. ഇത് ജമാഅത്ത് എന്തെങ്കിലും സൗകര്യങ്ങൾ കണ്ടുകൊണ്ട് സ്വീകരിച്ച മാർഗമല്ല. ലോകത്തിന്റെ സമുദ്ധാരണത്തിനായി മേലിൽ പ്രവാചകന്മാർ നിയോഗിക്കപ്പെടുകയില്ലെന്നും പ്രവാചകന്മാരാൽ കാലാകാലങ്ങളിൽ നിർവഹിക്കപ്പെട്ടിരുന്ന ദൗത്യം ഇനി അന്ത്യനാൾവരെ മുസ്‌ലിം സമുദായത്തിലെ ഓരോ വ്യക്തിയും ഏറ്റെടുത്തു നടത്തണമെന്നുമാണ് ഇസ്‌ലാമിന്റെ അധ്യാപനം. ഈ ബാധ്യത നിർവഹിക്കാൻ രംഗത്തിറങ്ങുന്ന ഒരു സംഘടനക്ക് പ്രവാചകന്മാരുടെ കർമസരണിയല്ലാതെ മറ്റൊരു മാതൃകയുമില്ല.

ഇനി നിങ്ങൾ നോക്കുക! നമുക്കിടയിൽ എത്രയോ മുസ്‌ലിം സാമുദായിക-രാഷ്ട്രീയ പ്രസ്ഥാനങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. അവയൊന്നും തങ്ങളുടെ സംഘടനാവ്യവസ്ഥയിലോ കർമരീതിയിലോ ഇസ്‌ലാമിക മാർഗം പിൻപറ്റാൻ വാശിയുള്ളവയല്ല. തങ്ങളുടെ സംഘടനയിൽ പെട്ടവർ വൻപാപങ്ങൾ ഉപേക്ഷിക്കുന്നവരാകണമെന്നൊന്നും അവരെ സംബന്ധിച്ചേടത്തോളം യാതൊരു നിർബന്ധവുമില്ല. കാരണം വളരെ വ്യക്തമാണ്. പ്രവാചകന്മാരുടെ ദൗത്യം പൂർണമായി ഏറ്റെടുത്തു നടത്തുകയല്ല അവരുടെ ലക്ഷ്യം. ഇക്കാരണത്താൽ എന്തു സംഭവിക്കുന്നു എന്നു നോക്കുക. പ്രവാചകന്റെ കാലത്തായിരുന്നുവെങ്കിൽ ഇസ്‌ലാമിക സൊസൈറ്റിയിൽ അംഗത്വം കിട്ടാൻ പോലും അർഹതയില്ലാത്തവർ ഇന്ന് സമുദായത്തിന്റെ നേതാക്കളാവുന്നു. ചിലപ്പോൾ അവർ നമ്മെ ഭരിക്കുകകൂടി ചെയ്യുന്നു. പ്രവാചകന്റെ കാലത്തു ഒരു മുനാഫിഖിനു പോലും ഇസ്‌ലാമിന്റെ അനുശാസനകളെ പരസ്യമായി ധിക്കരിക്കാൻ സാധിക്കുമായിരുന്നില്ല.

ഏതായാലും അനിസ്‌ലാമികമായ ഈ സംഘടനാ വ്യവസ്ഥ ജമാഅത്തിനു സ്വീകാര്യമല്ല. ജമാഅത്തിലെ ഓരോ അംഗവും ഇസ്‌ലാമിന്റെ ശാസനകൾക്കനുസരിച്ചു ജീവിക്കുന്നവരായിരിക്കണമെന്നാണ് വ്യവസ്ഥ. ഇനി അവരും മറ്റുള്ളവരെപ്പോലെ ഹലാൽ-ഹറാം വിവേചനമില്ലാതെ ജീവിക്കാൻ തുടങ്ങിയാലോ? നാട്ടിന്റെ ഭരണം കൈയിൽവന്നാൽ അവരങ്ങനെ ഇസ്‌ലാമികാനുസാരമായ ഒരു ഭരണം നടത്തും? ഇതുകൊണ്ടാണ് തന്റെ സംഘടനയുടെ ഘടനയും പ്രവർത്തന രീതിയും പരമാവധി ഇസ്‌ലാമികമായിരിക്കണമെന്നു മൗലാന നിർബന്ധം പിടിച്ചതും. ■

(*പ്രബോധനം* വാരിക
1978 നവംബർ 11)